LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിക്കുന്ന ആകെ റവന്യൂ വരുമാനം 64842.35 കോടി രൂപയും പ്രതീക്ഷിക്കുന്ന ആകെ ചെലവ് 79414.01 കോടി രൂപയും (തനി ചെലവ്) ആണ്. അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2015 ജനുവരി 31 വരെ ലഭിച്ച ആകെ റവന്യൂ വരുമാനം 44971.33 കോടി രൂപയും ആകെ ചെലവ് 57932.46 (തനി) കോടി രൂപയുമാണ്.

(ബി) 2015 ഫെബ്രുവരി 28 വരെയുള്ള കണക്കുകൾ പ്രകാരം ഓരോ മാസവും ശരാശരി 4963.18 കോടി രൂപ വരവും (പൊതു വിപണിയിൽ നിന്നുള്ള കടം ഒഴികെ) ശരാശരി 6096.26 കോടി രൂപയും ചെലവുമാണ് ഉണ്ടാക്കുന്നത്.

(സി) സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുന്നതിനായി ഈ സാമ്പത്തിക വർഷം ഫെബ്രുവരി വരെ 12,200 കോടി രൂപ പൊതു വിപണിയിൽനിന്നും വായ്പയെടുത്തിട്ടുണ്ട്.

(ഡി) ഓണക്കാലത്ത് പൊതു വിപണിയിൽ നിന്ന് 1,700 കോടി രൂപയും ക്രിസ്തുമസ് കാലത്ത് 300 കോടി രൂപയും വായ്പയെടുത്തിട്ടുണ്ട്.

(ഇ) 2014-15 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള അനുവദനീയമായ തുക മാത്രമാണ് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുള്ള ചെലവിനായി നടപ്പുവർഷം ഇതുവരെ വായ്പയായെടുത്തിട്ടുള്ളത്.

## 2014-15 സാമ്പത്തിക വർഷത്തെ നികുതി നിർദ്ദേശങ്ങൾ

205 (551) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സ്ദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ഏതെല്ലാം നികുതി നിർദ്ദേശങ്ങൾ പിന്നീട് വേണ്ടെന്ന് വയ്ക്കുകയോ, ലഘൂകരിക്കുകയോ ചെയ്തിട്ടുണ്ട് ; അവ വിശദമാക്കാമോ ;

(ബി) 2014-15-ലെ ധനകാര്യ ബില്ലിൽ സൂചിപ്പിച്ച ഏതെല്ലാം നികുതി നിർദ്ദേശങ്ങൾ വേണ്ടെന്ന് വയ്ക്കുകയോ, ലഘൂകരിക്കുകയോ ചെയ്തിട്ടുണ്ട് ; അവ ഏതെല്ലാം ;

(സി) 2014-15 -ലെ ധനകാര്യ ബില്ലിലെ ഏതെല്ലാം നികുതി നിർദ്ദേശങ്ങൾ ബില്ല് പരിഗണിച്ച സബ്ജക്ട് കമ്മിറ്റി വേണ്ടെന്ന് വയ്ക്കുകയോ ലഘൂകരിക്കുകയോ കൂട്ടിചേർക്കുകയോ ചെയ്തിട്ടുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

(എ-സി) അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.